# അനുബന്ധം

## തദ്ദേശസ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കേന്ദ്ര സർക്കാരിന്റെ D.G.S&D റേറ്റ് കോൺട്രാകറ്റ് ഉള്ള കമ്പ്യൂട്ടർ കമ്പനികളിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങേണ്ടത്. ഉപകരണങ്ങൾ നൽകിയതിനുശേഷം വാറന്റി കാലയളവിൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനായി എറണാകുളം, ഇടുക്കി ജില്ലകളിൽ തദ്ദേശസ്ഥാപനങ്ങൾ PC S Technologies Ltd (,PCS House,35/1640 A&A1 South Janatha Road, Palarivattom Cochin-25 Ph: 0484-2330178, 9447034349) -ൽ നിന്നും ഉപകരണങ്ങൾ വാങ്ങേണ്ടതാണ്. നിലവിലുള്ള 2006–2007 –ലെ റേറ്റ് കോൺട്രാക്റ്റിന്റെ കാലാവധി 2007 ജൂൺ 30 ന് അവസാനിക്കുന്നതിനാൽ അതിനുമുമ്പ് ഈ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകേണ്ടതാണ്. (സാമ്പിൾ ഓർഡറുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു).

### എല്ലാ ഉപകരണങ്ങളും വാങ്ങേണ്ട ഗ്രാമപഞ്ചായത്തുകൾ

താഴെ പറയുന്ന ഉപകരണങ്ങളാണ് തദ്ദേശസ്ഥാപനങ്ങളിൽ ഇ–ഗവേണൻസ് നടപ്പാക്കാൻ ആദ്യഘട്ടത്തിൽ ലഭ്യമായിരിക്കേണ്ടത് :

| ക്രമ നമ്പർ | ഡി.ജി.എസ് &ഡി ക്രമമ്പർ | ഇനം | റേറ്റ് കോൺട്രാക്റ്റിലെ എണ്ണം |
|---|---|---|---|
| 1. | 5,28,29 | സെർവർ കമ്പ്യൂട്ടർ | 1 |
| 2. | 1, 29 | ഡെസ്ക്ടോപ്/ ക്ലയിന്റ് കമ്പ്യൂട്ടർ | 2 മുതൽ 5 വരെ പഞ്ചായത്തിന്റെ അവശ്യാനുസരണം ഒന്നിച്ചോ ഘട്ടം ഘടകമായോ വാങ്ങാവുന്നതാണ് |
| 3. | 160 | പ്രിന്റർ– 136 കോളം, 24 – പിൻ ഡോട്ട് മാട്രിക്സ് പ്രിന്റർ | 1 |
| 4. | 159 | പ്രിന്റർ – 80 കോളം , പിൻ ഡോട്ട് മാട്രിക്സ് | 2 മുതൽ 5 വരെ |
| 5. | 69 | മോഡം –എക്സ്റ്റണേൽ ഡയൽ അപ് | 1 |
| 6. | 184 | ഇതർനെറ്റ് സ്വിച്ച് | 1 |
| 7. | 203, 204, 205, 207, 208, 209, 211, 213, 214, 215, 216 | നെറ്റ്വർക്കിംഗ് | 2 മുതൽ 6 കമ്പ്യൂട്ടറുകൾ ആവശ്യമായ നെറ്റ് വർക്കിംഗ് ഇതിലെ കേബിളിങ്ങിന്റെ അളവ് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടത്തിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്ന location അനുസരിച്ച് മാറ്റമുണ്ടാകാം |

**1യു. പി. എസ്**

ഡി..ജി..എസ്&ഡി റേറ്റ് കോൺട്രാക്റ്റിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ സ്പെസിഫിക്കേഷനുള്ള യു.പി.എസ്. ലഭ്യല്ലാത്തതിനാൽ, കെൽട്രോണിൽ നിന്നോ തദ്ദേശസ്ഥാപനങ്ങൾ പ്രത്യേകമായി ടെണ്ടർ വിളിച്ചോ, താഴെ പറയുന്ന പ്രകാരമുള്ള സ്പെസിഫിക്കേഷനോടു കൂടിയ യു.പി.എസ് വാങ്ങാവുന്നതാണ്.

2 kVA line interactive UPS
Sine wave output with less than 5% total harmonic distortion for normal computer load, when mains is available or on batteries
Basic monitoring, shutdown etc over serial interface
4 hours backup duration at full load
Exide/ Standard/ or equivalent make tubular lead acid batteries with stand
SNMP network card for reboot, shutdown and basic diagnostics of the UPS should be possible by adding suitable hardware (as optional item)
Input voltage range should support normal operating voltage ranges in Kerala
Test certificate from laboratories such as ERTL
Installation and commissioning at site
3 year warranty for UPS and battery

**2. കമ്പ്യൂട്ടർവൽക്കരണത്തിനുള്ള സ്റ്റാൻഡേർഡ് സോഫ്റ്റ് വേയർ**

സർക്കാർ നിർദ്ദേശ പ്രകാരമുള്ള ആവശ്യമായ സ്റ്റാൻഡേർഡ് സോഫ്റ്റ്വെയർ ഐ.കെ..എം . ലഭ്യമാക്കുന്നതാണ് ഇതിനാവശ്യമായ തുക താഴെ പറയും പ്രകാരം (രണ്ട് ക്ലയിന്റ് കമ്പ്യൂട്ടർ വാങ്ങുകയാണെങ്കിൽ)ഐ. കെ.എം –ന് നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | ആകെ |
|---|---|---|---|---|
| 1 | വിൻഡോസ് സെർവർ | 1 | 21930.00 | 21930.00 |
| 2. | എസ്.ക്യു.എൽ സെർവർ | 1 | 26982.00 | 26982.00 |
| 3 | എം.എസ്. ഓഫീസ് | 2 | 8203.00 | 16406.00 |
| 4. | വിൻഡോസ് സെർവർ ക്ലയിന്റ് അക്സസ് ലൈൻസ് | 3 | 1049.00 | 3147.00 |
| 5. | എസ്.ക്യു.എൽ ക്ലയിന്റ് അക്സസ് ലൈസൻസ് | 3 | 5344.00 | 16032.00 |
| 6. | ഐ.എസ്. എം ഓഫീസ് V.5 നെറ്റ്വർക്ക് (5 പേർക്കുള്ളത്) | 1 | 14506.00 | 14506.00 |
| 7. | ഇ–ട്രസ്റ്റ് ആന്റി വൈറസ് | 3 | 1052.00 | 3156.00 |
| 8. | പ്രൊക്യൂർമെന്റ് ചാർജ് | 1 | 5 % | 5108.00 |
| 9 | സിസ്റ്റം ഇന്റഗ്രേഷൻ ചാർജ് | 1 | 5 % | 8046.00 |
| 10. | പരിശീലനം (ആദ്യഘട്ടത്തിൽ രണ്ട് ജീവനക്കാർക്കും, രണ്ട് ജനപ്രതിനിധികൾക്കും) | 1 | 30000.00 | 30000.00 |
| ആകെ | | | | **1,45,313.00** |